# WHAT WILL HAPPEN WORLDWIDE IN 2013?

## അന്തർദേശീയമായി 2013-ൽ സംഭവിക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള പ്രവചനങ്ങൾ

(Extract from Appraisal of Events 2012 by the Head of the Jamaat-Ul-Sahih-Al-Islam
Munir Ahmad Azim Khalifathullah, Mujaddid, Masih Mauod and Muhiyiddim
of the 15th Century Hijira)

## ജമാഅത്ത് അഹ്മദിയ്യാ

ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അംഗങ്ങളോടുള്ള എതിർപ്പ്/ശത്രുത വർദ്ധിപ്പിക്കും. ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും ബഹിഷ്ക്കരണം, സലാം പറഞ്ഞാൽ പ്രതികരിക്കാതിരിക്കൽ, പിന്നിൽ നിന്ന് കുത്തൽ തുടങ്ങിയ അനിസ്ലാമിക പ്രവണത 2013-ൽ വർദ്ധിപ്പിക്കും. ആത്മീയതയും സൽപ്രവർത്തിയും ജമാഅത്ത് അഹ്മദിയ്യായിൽ നിന്ന് പൂർണ്ണമായും അപ്രത്യക്ഷമാകും. പരിപാടികളും സമ്മേളനങ്ങളും ഒരു ചടങ്ങ് എന്ന നിലയിൽ നടത്തപ്പെടും. ആത്മീയ പ്രഭാഷണങ്ങൾക്ക് പകരം ഭക്ഷാണാധിക്യമുള്ള സദസ്സുകളായിരിക്കും അവർ സംഘടിപ്പിക്കുക. ഈ വിനീതനെ അല്ലാഹുവിൽ നിന്നും ഈ നൂറ്റാണ്ടിലേക്ക് നിയോഗിച്ചതു മുതലുള്ള അവരുടെ പ്രവർത്തിയാണത്. നമസ്ക്കാരവും ജുംആയും ഒക്കെ സാധാരണയുള്ള ഒരു ചടങ്ങുമാത്രം. അവരുടെ ആത്മാക്കളെ ശുദ്ധീകരിക്കുവാനോ അവരുടെ സന്താനങ്ങളെ ആത്മീയതയിലേക്ക് കൊണ്ടുവരുവാനോ പര്യാപ്തമല്ല. ദീനീ ജോലികൾക്ക് പകരം പണം സമ്പാദിക്കൽ ജോലിയിൽ അവർ വ്യാപൃതരാകുന്നതാണ്.

2011-ലെ ജലസാ സാലാനയിൽ Moussa Taujoo അവർകൾ പ്രഖ്യാപിച്ചിരുന്നു. രണ്ടാഴ്ച്ചത്തേക്ക് തബ്ലീഗ്/ദഅ്വ പ്രവർത്തനങ്ങൾക്കുള്ള ട്രെയിനിംഗ് യുവാക്കൾക്ക് കൊടുക്കുന്നതാണെന്ന് അതിനുശേഷം അവർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുമെന്നും. ആ പദ്ധതി എന്തായി? പരിപാടി ഫ്യൂസായിപ്പോയി. അവരുടെ ലോക്കൽ പത്രങ്ങളിൽ ഇതുവരെയും അത് പ്രസിദ്ധീകരിച്ച് കണ്ടില്ല.

അവരുടെ അമീർമാരും കേന്ദ്ര പ്രവർത്തന അംഗങ്ങളും കൂടുതൽ സമയവും സദ്യ ഒരുക്കുന്നതിലും, കുറ്റകരവും നിയമവിരുദ്ധവുമായ കൊടുക്കൽ-വാങ്ങലുകളിലും, അഴിമതിയിലും വ്യാപരിക്കുന്നതാണ്. എന്നാൽ ഞാൻ ഒരു കാര്യം പറയുന്നു അതേ സമയം നിങ്ങളെ എല്ലാ പേരെയും വെല്ലുവിളിക്കുകയാണ്, നിങ്ങൾ ആഗ്രഹിക്കുന്നതുപോലെ തടയിടുക/മറയിടുക. **അസത്യം അപ്രത്യക്ഷമാകുക തന്നെ ചെയ്യും. അസത്യത്തിനുമേൽ സത്യം വിജയിക്കുക തന്നെ ചെയ്യും.** നിങ്ങളിൽ നിന്ന് തഖ്വ അപ്രത്യക്ഷമായിരിക്കുകയാണ്. അത് തുടരുകയും ചെയ്യും.

'വഖ്ഫെ നൗ' എവിടെയാണ്? അവരുടെ 2012-ലെ മൗറീഷ്യസിലേയും അന്തർദേശീയ തലത്തിലെയും വിലയിരുത്തൽ (Appraisal) ഒരു മഹാവിപത്തു തന്നെയായിരിക്കും. അതിൽ നമുക്ക് ധാരാളം സിനിമ സംവിധായകരെയും നിർമ്മാതാക്കളെയും ഗായകരെയും നർത്തകരെയും പൊതുമദ്യശാലയിൽ യുവാക്കളെയും നൃത്തസംഗീത സ്ഥലങ്ങളിൽ ചുണ്ടിൽ സിഗററ്റും കൈകളിൽ ബിയറുമായിരിക്കുന്നവരുടെ ചിത്രങ്ങളും ദർശിക്കേണ്ടിവരും. അവരുടെ 2013-ലെ ഫെയ്സ്ബുക്ക് വിലയിരുത്തൽ വളരെ വളരെ ഭയാനകമായിരിക്കും. നിങ്ങൾ മനസ്സിലാക്കണം

ഹസ്രത്ത് മിർസാ ഗുലാം അഹ്മദ് (അ)-ന്റെ അധ്യാപനങ്ങളെ അവർ ചവിട്ടി മെതിച്ചപ്പോൾ, വിശുദ്ധ ഖുർ ആന്റെ അധ്യാപനങ്ങളെ അവർ നിലംപരിശാക്കിയപ്പോൾ, അവർക്കു ലഭിക്കുന്ന ഫലങ്ങൾ എന്താണെന്ന്, വെറുപ്പുളവാക്കുന്നതും ഭയാനകവുമാണ്.

2001 മുതൽ ദൈവീക ദൃഷ്ടാന്തങ്ങളുടെ നേരെ മുഖം തിരിച്ചവർ, ഈ വിനീതനെ പരിഹസിച്ചവർ, മനസ്സിലാക്കുക. 2013 അല്ലാഹു നടപടി എടുക്കുന്ന വർഷമായിരിക്കും. അവർ അവരുടെ നാശത്തിലേക്ക് ഗമിക്കുന്നതായിരിക്കും. അല്പാല്പമായി അവർ അറിയാതെ

ജനഹൃദയങ്ങളിൽ ഭയവും വെറുപ്പും ഇടുക എന്നതല്ലാതെ മറ്റൊരു പ്രവർത്തിയും അവരിൽ നിന്നുണ്ടാവുകയില്ല. ചാരവൃത്തിയിലൂടെ നമ്മളെന്താണ് ചെയ്യുന്നതെന്ന് അറിയുവാനുള്ള അമിതാവേശത്തിലായിരിക്കും. എന്റെ പ്രവർത്തനത്തിലെ ഓരോ ചെറു നീക്കവും അത് എന്റെ സ്വകാര്യ ജീവിതത്തെ സ്പർശിക്കുന്നതായാലും ശരി, അങ്ങനെ ഈ ചാരവൃത്തിയിലൂടെ അവർ വളരെ മോശമായ ഒരു സാഹചര്യത്തിലേക്ക് എത്തിച്ചേരുന്നതാണ്. ഇൻഷാ അല്ലാഹ്.

## **മുസ്‌ലിം ലോകവും പാക്കിസ്ഥാനും**

2013ലും മുസ്‌ലിം ലോകവും പാക്കിസ്ഥാനും ദൈവകോപത്തിൽ നിന്നും മുക്തമാകുകയില്ല. അവർ അല്ലാഹുവിലേക്ക് പശ്ചാത്തപിക്കുകയും മാപ്പിരക്കുകയും അവർ സ്വയം ആത്മസംസ്കരണം നടത്തുകയും ഹസ്രത്ത് അഹ്മദ് (അ)ന്റെ അനുയായികളോട് നല്ല നിലയിൽ വർത്തിക്കുകയും അഹ്മദികൾക്കും മറ്റ് ഇതര മുസ്‌ലിം വിഭാഗങ്ങൾക്കും ഹജ്ജിന്റെ കവാടം തുറന്നിടുകയും ചെയ്യാത്തപക്ഷം, ഞാൻ മുൻകൂട്ടി പ്രവചനം ചെയ്യുകയാണ് മറ്റൊരു ദൈവീകശിക്ഷ നിങ്ങളെ പിടികൂടുന്നതാണ്. അത് കഴിഞ്ഞ വർഷത്തേക്കാൾ ഭയാനകമായിരിക്കും. വെള്ളപ്പൊക്കത്താലും മാരകരോഗങ്ങളാലും, ഭയാനക വൈറസ് ആക്രമണത്താലും, ഭൂകമ്പത്താലും, മറ്റനേകം അപകടങ്ങളാലും, പരസ്പര യുദ്ധത്താലും അങ്ങനെ നിങ്ങളെ അപമാനത്തിലും ദാരിദ്ര്യത്തിലും ആപതിക്കുന്നതാണ്. വെറുപ്പുളവാക്കുന്ന ദൈവീക ശിക്ഷയുടെ ഒരു നീണ്ട നിരതന്നെ നിങ്ങൾ അഭിമുഖീകരിക്കേണ്ടിവരും. അല്ലയോ പാക്കിസ്ഥാനികളെ, നിങ്ങൾ സ്വയം ഈ ശിക്ഷയിൽ നിന്ന് മുക്തരാവാൻ അല്ലാഹുവിന്റെ യഥാർത്ഥ അധ്യാപനങ്ങളെ മനസ്സിലാക്കുവാൻ ശ്രമിക്കുക.

**Translated by**

R. Jamaludin Raother — Amir

On behalf of : Jamaat-Ul-Sahih-Al-Islam,
Kerala. Reg. No. A693
Ph: 9447001832,
0475 2220223.
Email: jamal.raother@gmail.com
Web: www.jamaat-ul-sahih-al-islam.com